കുടുംബങ്ങൾ സ്വന്തമായി വാസയോഗ്യമായിട്ടുള്ള വീടില്ലാത്തവരാണ്. വീടു മാത്രമല്ല സ്വന്തമായി സ്ഥലമോ മറ്റു രേഖകളോ ഇല്ലാതെ താമസിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ജനകീയാസൂത്രണ പദ്ധതിയിലുംമറ്റും ഉൾപ്പെടുത്തി അവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കാത്ത അവസ്ഥയാണ്. സർക്കാരിന്റെ പ്രഖ്യാപിതനയം തന്നെ ദുർബല വിഭാഗങ്ങൾക്ക് വീട് ഉണ്ടാക്കി കൊടുക്കുക എന്നതാണ്. അതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുമ്പോൾ ഈ വിഭാഗക്കാർക്ക് കൈവശ രേഖയോ മറ്റ് നടപടി സ്വീകരിക്കുമ്പോൾ ഈ വിഭാഗക്കാർക്ക് കൈവശരേഖയോ മറ്റ് യാതൊരുവിധ രേഖകളോ ഇല്ലാത്തതിന്റെ ഫലമായി അത്തരം ആനുകൂല്യങ്ങൾ ലഭിക്കാത്ത ഒരു സാഹചര്യമാണുള്ളത്. വീട്, കക്കൂസ്, എന്നിവ നിർമ്മിക്കുന്നതിന് പട്ടയം അല്ലെങ്കിൽ കൈവശരേഖ വേണം. അവർക്ക് അതില്ലാത്ത സാഹചര്യമാണ്. അതുപോലെതന്നെ റേഷൻ ആനുകൂല്യവും പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ നിന്നും കൊടുക്കുന്ന മറ്റ് ആനുകൂല്യങ്ങളും ലഭിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവർക്ക് കൈവശ രേഖയും പട്ടയവും നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രിയ്ക്കു വേണ്ടി ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : പാലക്കാട് ജില്ലയിലെ ഏരിയാ പുറമ്പോക്ക് നിവാസികളിൽ അർഹരായ 237 പേരിൽ 233 പേർക്കും കൈവശരേഖ നൽകിയിട്ടുണ്ട്. ഇതിൽ 21 പേർ പട്ടികജാതിക്കാരും 18 പേർ പട്ടിക വർഗ്ഗക്കാരും 194 പേർ മറ്റ് വിഭാഗക്കാരുമാണ്. അർഹരായ 4 പേർക്ക് ഈ മാസംതന്നെ കൈവശാവകാശരേഖ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ പുറമ്പോക്ക് ചേരിനിവാസികളിൽ നിന്നും കൈവശ രേഖയാക്കായി 408 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്, ഇതിൽ ചേരിനിവാസികൾ ഏകദേശം 200 കുടംബങ്ങൾ വരും. ഇവർക്ക് 31.3.2000-ത്തിന് മുമ്പായി കൈവശരേഖ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(6) അംഗൻവാടി ജീവനക്കാരുടെ അടിയന്തിര ആവശ്യങ്ങൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കേരളത്തിലെ ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിൽ ജോലി ചെയ്യുന്ന നാൽപ്പതിനായിരത്തോളം വരുന്ന തുച്ഛ വരുമാനക്കാരായ അംഗൻവാടി ജീവനക്കാരുടെ അവഗണിക്കപ്പെട്ടതും തികച്ചും ന്യായവുമായ പ്രശ്നങ്ങളാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുക, രോഗനിവാരണത്തിനും ആരോഗ്യനില പരിശോധിക്കുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്യുക, അടിയന്തിര വൈദ്യസഹായം നൽകുക, പോഷകാഹാരം, പരിസരശുചീകരണം, ആരോഗ്യപരിപാലനം എന്നിവയെക്കുറിച്ച് വിദ്യാഭ്യാസം നൽകുക, കുഞ്ഞുങ്ങൾക്ക് സ്കൂൾ പ്രവേശനത്തിന് മുമ്പ് അനൗപചാരിക വിദ്യാഭ്യാസം നൽകുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിച്ച് ആരോഗ്യമുള്ള കുഞ്ഞുങ്ങളേയും ആരോഗ്യമുള്ള സമൂഹത്തെയും വാർത്തെടുക്കുകയെന്ന മഹത്തായ, ബൃഹത്തായ കടമ നിർവഹിക്കുന്ന ഇവർ പ്രീപ്രൈമറി അദ്ധ്യാപികമാരായും ഹെൽപ്പർമാരായും വർക്കർമാരായും ജോലി ചെയ്യുന്നവരാണ്. ഐ.സി.ഡി.എസ്. പദ്ധതികളുടെ നടത്തിപ്പിനായി അനേകം ഉദ്യോഗസ്ഥന്മാരുണ്ട്. അവർ സർക്കാരിന്റെ സേവന-വേതന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പ്രവർത്തിക്കുന്നത്. എന്നാൽ പദ്ധതിയുടെ മുഖ്യ പങ്കാളികളായ, രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റേയും ഭാവി തലമുറകളുടേയും കാര്യത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധപതിപ്പിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സേവന-വേതന വ്യവസ്ഥ ഒരേ പോലെയല്ല. തൊഴിൽ എടുക്കുന്നവരുടെ പട്ടികയിൽപോലും അവരെ ഉൾപ്പെടുത്തിയിട്ടില്ല. ഓണറേറിയം എന്ന ഓമനപ്പേരിൽ തുച്ഛമായ വേതനമാണ് ഇവർക്ക് ലഭിക്കുന്നത്. മറ്റൊരു ജോലിയും കിട്ടാത്തതുകൊണ്ടാണ് ഈ മേഖലയിൽ പ്രവർത്തിയെടുക്കാൻ അവർ വരുന്നത്. ഇവരുടെ വേതനം ഈ ഗവണ്മെന്റ് വന്നതിനുശേഷം വർദ്ധിപ്പിച്ചുവെന്ന് അറിയാതെയല്ല ഞാൻ പറയുന്നത്. ജീവിത സാഹചര്യം മാറിയ ഈ ഘട്ടത്തിൽ, ഏറ്റവും രൂക്ഷമായ വിലക്കയറ്റം നേരിടേണ്ടിവരുന്ന ഈ സന്ദർഭത്തിൽ ഇനിയും വേതനം വർദ്ധിപ്പിച്ചു കൊടുക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ വർഷങ്ങളായി തൊഴിലെടുക്കുന്ന ഇവരെ സംസ്ഥാന ജീവനക്കാരായി അംഗീകരിക്കണമെന്നുള്ള ആവശ്യവും അംഗീകരിക്കപ്പെട്ടിട്ടില്ല. ഗവണ്മെന്റ് അംഗീകരിച്ച ഡിമാന്റുകൾപോലും നടപ്പിലാക്കാത്ത അവസ്ഥയാണുള്ളത്. രണ്ടു വർഷം സർവ്വീസുള്ള അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ഉത്തരവ് പല സ്ഥലത്തും നടപ്പിലാക്കിയിട്ടില്ല എന്നു മാത്രമല്ല, രണ്ടു വർഷംപോലും ആകാത്തവരെ സ്ഥിരപ്പെടുത്തുന്ന അവസ്ഥയും ഉണ്ട്. ഈ സ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്. ജനകീയാസൂത്രണ പരിപാടി വിജയിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന അംഗൻവാടി ജീവനക്കാർക്ക് 100 രൂപ അലവൻസ് നൽകുന്നുണ്ട്. അവർ ഈ പ്രവർത്തനത്തിന് പോകുമ്പോൾ സെന്ററിൽ ശ്രദ്ധിക്കുന്ന, ഇരട്ടിപ്പണി എടുക്കുന്ന ആയമാർക്ക് ഈ അലവൻസ് ലഭ്യമാക്കുന്നില്ല. അവർക്കും ഈ തുക നൽകേണ്ടതാണ്. ക്ഷേമ നിധിയിൽ സർക്കാർ നൽകുന്ന കോൺട്രിബ്യൂഷൻ ജീവനക്കാർ നൽകുന്ന കോൺട്രിബ്യൂഷനോടൊപ്പമാകണം എന്നുള്ള ആവശ്യവും വളരെക്കാലമായി അവർ ഉന്നയിക്കുന്നതാണ്. അതും അംഗീകരിക്കപ്പെടേണ്ടതാണ്. പോഷകാഹാര വിതരണത്തിനും ഏകീകൃത രൂപം കൊണ്ടു വരണമെന്നുള്ളതുണ്ട്. സൂപ്പർവൈസർ തസ്തികയിൽ അംഗൻവാടി ജീവനക്കാർക്ക് 25% സംവരണം നൽകണം എന്നുള്ളത് ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല. പെൻഷൻ സംബന്ധമായ കാര്യത്തിലും ഒരു തീരുമാനമായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണെങ്കിലും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ രീതിയിൽ കേരളാ ഗവൺമെന്റ് അംഗനവാടി ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇനിയും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഐ.സി.ഡി.എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയിൻകീഴിൽ വരുന്ന അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഇവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. അംഗൻവാടി വർക്കർമാരേയും, ഹെൽപ്പർമാരേയും സംസ്ഥാന ജീവനക്കാരായി അംഗീകരിക്കണമെന്നും ഘട്ടം ഘട്ടമായി അവരെ സ്ഥിരപ്പെടുത്തണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവർക്ക് റിട്ടയർമെന്റ് പ്രായം നിശ്ചയിക്കുക, പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുക, ഓരോ അഞ്ച് വർഷത്തിനും ഇൻക്രിമെന്റ് അനുവദിക്കുക എന്നിവ സംബന്ധിച്ച് ഞാൻ കേന്ദ്രമന്ത്രിയെ നേരിട്ട് കണ്ടു നിവേദനം നൽകിയിരുന്നു. ഈ

LIBRARY ARCHIVES Kerala Legislative Assembly

അടുത്തകാലത്ത് ചേർന്ന സോഷ്യൽ വെൽഫെയർ മന്ത്രിമാരുടെ സമ്മേളനത്തിൽ ഏറ്റവും ശക്തിയായി ഇക്കാര്യം ഞാൻ ആവശ്യപ്പെടുകയും അവരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ : ഇതിനെന്തെങ്കിലും ഒരു പരിഹാരം കാണണ്ടേ? വളരെ ജനുയിൻ ആയിട്ടുള്ള കാര്യമാണ്.

ശ്രീമതി സുശീലാ ഗോപാലൻ : വളരെ ജനുവിൻ ആയിട്ടുള്ള കാര്യമാണ്. ഇക്കാര്യം കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കാശ് വളരെ കുറവായതു കൊണ്ട് സംസ്ഥാന മന്ത്രിസഭകൾ ഇക്കാര്യം പരിഗണിച്ച് അവർക്ക് ഒരു വർദ്ധനവ് കൊടുക്കണമെന്ന് കേന്ദ്രമന്ത്രി ഇങ്ങോട്ട് ഒരഭ്യർത്ഥന നടത്തുകയാണ് ചെയ്തത്. ഈ സർക്കാർ അംഗൻവാടി ജീവനക്കാരോട് അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിക്കുന്നത്. മൂന്നു വർഷംവരെ ശമ്പളമില്ലാത്ത അവധി അനുവദിക്കുന്നതിനും താത്ക്കാലികാടിസ്ഥാനത്തിൽ രണ്ടു വർഷക്കാലം ജോലി ചെയ്യുന്നവരെ അംഗൻവാടികളിൽ സ്ഥിരപ്പെടുത്തുന്നതിനും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതാരെങ്കിലും ചെയ്യുന്നില്ല എങ്കിൽ പരാതി ലഭിച്ചാൽ അക്കാര്യത്തിന് പരിഹാരം ഉണ്ടാക്കും. ഓണറേറിയമായി നേരത്തേ അവർക്ക് ലഭിച്ചുകൊണ്ടിരുന്നതുകയ്ക്കുപുറമേ 100 രൂപയുടെ പ്രതിമാസ വർദ്ധനവ് സംസ്ഥാന വിഹിതമായി ഓണറേറിയത്തിൽ വരുത്തിയിരുന്നു. കൂടാതെ ജനകീയാസൂത്രണ പരിപാടിയിൽ പങ്കെടുത്ത അംഗൻവാടി വർക്കർമാർക്ക് 100 രൂപ വീതം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകും. ആയമാർക്ക് ഇപ്പോൾ അത് നൽകുന്നില്ല. അതിനെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡിന് നിവേദനം നൽകിയിട്ടുണ്ട്. വാസ്തവത്തിൽ അവരുടെ കാര്യം കൂടി പരിഗണിക്കണം. പഞ്ചായത്തുകൾ പണം കൊടുക്കുമ്പോൾ, അംഗൻവാടി ജീവനക്കാർ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന് പോകുമ്പോൾ ഹെൽപ്പർമാരാണ് കുഞ്ഞുങ്ങളെ നോക്കുന്നത്. അവരുടെ ജോലിഭാരം കൂടുതലാണ്, അതുകൊണ്ട് അവരെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഓണറേറിയത്തിൽ കൂടുതൽ വർദ്ധനവ് വരുത്തുന്നകാര്യം സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പിരിമിതിക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാൻ കഴിയുമോ എന്നുള്ളത് പരിശോധനയിലാണ്. ഇതാണ് ഇന്നത്തെ സ്ഥിതി. സാമ്പത്തിക സ്ഥിതിയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്. അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് പരമാവധി മൂന്ന് വർഷം വരെ ഓണറേറിയം ഇല്ലാത്ത അവധി അനുവദിച്ചുകൊണ്ട് 16.7.1999-ൽ ഉത്തരവായിട്ടുണ്ട്. 10 വർഷം സർവ്വീസുള്ള എസ്.എസ്.എൽ.സി. പാസ്സായ അംഗൻവാടി പ്രവർത്തകർക്ക് സൂപ്പർവൈസറി തസ്തികയിലേക്ക് 25 ശതമാനം സംവരണം നൽകിക്കൊണ്ട് 3.7.1999-ൽ ഉത്തരവായി. സെലക്ഷൻ നിലവിലില്ലാത്ത പ്രോജക്ടുകളിൽ താൽക്കാലികമായി രണ്ടു വർഷം സേവനം പൂർത്തിയാക്കിയ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിനും 9.9.1997-ൽ ഉത്തരവായി. ഇവരിൽനിന്നും 25 ശതമാനം ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷ നടത്തേണ്ടത് പി.എസ്.സി. യാണ്. പി.എസ്.സി. ചെയർമാനെ കണ്ട് അതിവേഗത്തിൽ ഈ സെലക്ഷൻ നടത്തിക്കുന്നതിനെ പി.എസ്.സി. ചെയർമാനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഒരു കൊല്ലത്തിനുള്ളിൽ അത് നടത്തിത്തരാമെന്ന് പി.എസ്.സി. ചെയർമാൻ ഉറപ്പ് നൽകിയിട്ടുണ്ട്.

(7) ടെൽക്ക് നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണി

1117/2010.

LIBRARY ARCHIVES Kerala Legislative Assembly